# കാർഷിക കാലാവസ്ഥ നിർദ്ദേശക ബുള്ളറ്റിൻ,തൃശ്ശൂർ ജില്ല

**പ്രവചന കാലയളവ് 07. 05.2025 മുതൽ 11.05.2025 വരെ**

വെള്ളാനിക്കര കേരള കാർഷിക സർവ്വകലാശാലയിലെ
കാർഷിക കാലാവസ്ഥാ ശാസ്ത്രപഠന വിഭാഗവും
ഭാരതീയ കാലാവസ്ഥാ വകുപ്പും സംയുക്തമായി തയ്യാറാക്കുന്നത്

| **എ എ എസ് ബുള്ളറ്റിൻ നമ്പർ 18/2025, (36) ചൊവ്വാഴ്ച** | **തീയ്യതി 06/05/2025** |
|---|---|

| കഴിഞ്ഞ ആഴ്ചയിൽ അനുഭവപ്പെട്ട കാലാവസ്ഥ (2025 ഏപ്രിൽ 30 മുതൽ മെയ് 06 വരെ) | | | | | | | കാലാവസ്ഥാ ഘടകങ്ങൾ | | കാലാവസ്ഥാ പ്രവചനം (2025 മെയ് 07 മുതൽ മെയ് 11 വരെ) | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| 30/04 | 01/05 | 02/05 | 03/05 | 04/05 | 05/05 | 06/05 | തീയ്യതി | | 07/05 | 08/05 | 09/05 | 10/05 | 11/05 |
| 0.0 | 0.0 | 0.0 | 0.0 | 0.0 | 2.1 | 0.0 | മഴ (മില്ലീമീറ്റർ) | | 3 | 3 | 2 | 4 | 4 |
| 35.8 | 34.9 | 33.5 | 34.6 | 34.0 | 35.6 | 33.1 | ഉയർന്ന താപനില (°C) | | 34 | 36 | 36 | 36 | 36 |
| 25.0 | 26.6 | 25.2 | 23.6 | 25.9 | 23.7 | 25.8 | കുറഞ്ഞ താപനില (°C) | | 26 | 26 | 26 | 26 | 26 |
| Partly cloudy | Cloudy | Partly cloudy | Cloudy | Partly cloudy | Overcast | Partly cloudy | AM | മേഘ വ്യാപ്തി (ഒക്ടാ) | Overcast | Overcast | Overcast | Overcast | Overcast |
| Partly cloudy | Cloudy | Cloudy | Cloudy | Partly cloudy | Cloudy | | PM | | | | | | |
| 89 | 91 | 93 | 90 | 86 | 96 | 94 | കൂടിയ അന്തരീക്ഷ ആർദ്രത (%) | | 90 | 90 | 90 | 90 | 90 |
| 63 | 79 | 66 | 62 | 65 | 68 | | കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | | 70 | 70 | 70 | 70 | 70 |
| 2.1 | 1.8 | 1.8 | 2.8 | 1.9 | 3.3 | 1.1 | കാറ്റിന്റെ വേഗത (കിലോമീറ്റർ/മണിക്കൂർ) | | 3 | 3 | 3 | 3 | 3 |
| ENE | C | C | C | C | C | C | AM | കാറ്റിന്റെ ദിശ (ഡിഗ്രി ) | WSW | SW | WNW | SW | WSW |
| SW | NNW | SSW | SSE | WSW | C | | PM | | | | | | |

| കഴിഞ്ഞ ആഴ്ച്ചയിലെ മഴ (മില്ലീമീറ്റർ) | 01/01/2025 മുതൽ ഇന്നുവരെയുള്ള മഴ (മില്ലീമീറ്റർ) | 01/03/25 മുതൽ ഇന്നുവരെയുള്ള മഴ (മില്ലീമീറ്റർ) |
|---|---|---|
| 2.1 | 127.0 | 127.0 |

കാലാവസ്ഥാ അറിയിപ്പ്:- IMD യുടെ പ്രവചനപ്രകാരം ജില്ലയിൽ നേരിയ തോതിൽ മഴയ്ക്ക സാധ്യത. 2025 മെയ് 06 മുതൽ 10 വരെ കേരളത്തിൽ ഒന്നോ രണ്ടോ സ്ഥലങ്ങളിൽ ഇടിമിന്നലിനും, ശക്തമായ കാറ്റിനും സാധ്യത. കേരളത്തിൽ ശരാശരിക്കും ശരാശരിയേക്കാൾ കൂടുതലും മഴ ലഭിക്കാൻ സാധ്യത.

2025 മെയ് 6 ന് ജില്ലയിൽ പരമാവധി താപനില 36 ഡിഗ്രി സെൽഷ്യസ് ആകാൻ സാധ്യതയുണ്ട്. ഉയർന്ന താപനിലയും ഈർപ്പവും കാരണം കുന്നിൻ പ്രദേശങ്ങൾ ഒഴികെയുള്ള സ്ഥലങ്ങളിൽ ചൂടും, ഈർപ്പവുമുള്ള കാലാവസ്ഥയ്ക്ക് സാധ്യതയുണ്ട്.

## വിള പരിപാലനത്തിനുള്ള പൊതു നിർദ്ദേശങ്ങളും കാർഷിക നിർദ്ദേശങ്ങളും (തൃശ്ശൂർ ജില്ല)

**പൊതുനിർദേശങ്ങൾ**:-. മണ്ണിന്റെ ഈർപ്പം നിലനിർത്താൻ ശരിയായ പുതയിടൽ രീതി അവലംബിക്കാവുന്നതാണ്. തെങ്ങിൻ തടങ്ങളിൽ ഈർപ്പം നിലനിർത്തുന്നതിനായി പച്ചയോ ഉണങ്ങിയതോ ആയ ചകിരി ഇട്ടു മൂടുന്നത് നല്ലതാണ്.

| വിളകൾ | രോഗ-കീടങ്ങൾ, വിള പരിപാലനം | കാർഷിക കാലാവസ്ഥ നിർദ്ദേശങ്ങൾ |
|---|---|---|
| നെല്ല്- (വിരിപ്പ്) | പരിചരണം | വിരിപ്പ് കൃഷി ഇറക്കുന്നതിനു മുൻപായി നെല്പാടങ്ങളിൽ ഡെയിഞ്ച വിതച്ചുകൊടുക്കാവുന്നതാണ്. |
| നെല്ല് പുഞ്ച (മൂപ്പെത്തിയപരുവം) | തവിട്ട് മുഞ്ഞ | നെല്ലിൽ തവിട്ട് മുഞ്ഞയുടെ ആക്രമണം കാണാൻ സാധ്യതയുണ്ട്. അവയെ നിയന്ത്രിക്കാൻ 2 ഗ്രാം തയോമെതോക്സാം 10 ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ കലക്കി തളിക്കുക. |
| തെങ്ങ്, കവുങ്ങ് | പരിചരണം | തെങ്ങിൻ തൈകളും കവുങ്ങിൻ തൈകളും നടാനുള്ള കുഴികൾ ഇപ്പോൾ തയ്യാറാക്കാവുന്നതാണ്. |
| കുരുമുളക് | പരിചരണം | കുരുമുളക് വള്ളികൾ നടുന്നതിനുള്ള കുഴികൾ എടുക്കാവുന്നതാണ്. കുഴി ഒന്നിന് 5 കിലോ കമ്പോസ്റ്റ് അല്ലെങ്കിൽ ചാണകപൊടി, 50 ഗ്രാം ട്രൈക്കോ ഡെർമ്മ എന്ന തോതിൽ മേൽ മണ്ണുമായി കലർത്തി കുഴി നിറയ്ക്കണം. |
| ഇഞ്ചി, മഞ്ഞൾ | നടീൽ സമയം | ഇഞ്ചി, മഞ്ഞൾ എന്നിവ നടാനായിട്ട് നിലം ഒരുക്കുന്ന സമയത്ത് ഒരു സെന്റിന് രണ്ടു മുതൽ മൂന്ന് കിലോ വരെ കുമ്മായം ഇട്ടുകൊടുക്കാവുന്നതാണ്. മൂട് ചീയൽ രോഗം തടയുന്നതിന് മുൻകരുതലായി ഇഞ്ചി വിത്തും, മഞ്ഞൾ വിത്തും മാങ്കോസെബ് അല്ലെങ്കിൽ സ്യൂഡോമോണാസ് 3 ഗ്രാം ഒരു ലിറ്റർ ലായനിയിൽ 30 മിനിറ്റ് മുക്കിവെച്ച ശേഷം നടുക. |
| പച്ചക്കറികൾ | പരിചരണം | പച്ചക്കറികൾ നടുമ്പോൾ മണ്ണിൽ സ്യൂഡോമോണാസ് കൾച്ചർ ചേർക്കുന്നത് വഴി കുമിൾ രോഗങ്ങൾ ഒരു പരിധി വരെ തടയാവുന്നതാണ്. |

മൃഗസംരക്ഷണം-: എലിപ്പനിക്കും ബാഹ്യപരാദങ്ങൾക്കും എതിരെ ജാഗ്രത പുലർത്തുക. കാലിത്തീറ്റയിൽ പൂപ്പൽ വിഷബാധ ഏൽക്കാതിരിക്കാൻ ശ്രദ്ധിക്കുക. ചാണക പരിശോധന നടത്തി വിദഗ്ധോപദേശ പ്രകാരം വിര മരുന്ന് നൽകുക. (CAADECCS KVASU, Mannuthy)